ഇൻഫർമേഷൻ ടെക്നോളജി വികസനം

27 (*27)ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി വികസനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ വികസന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി " ഇൻഫർമേഷൻ കേരള" എന്നൊരു പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പരിപാടിയുടെ നടത്തിപ്പിന് മൈക്രോസോഫ്റ്റ് എന്ന കമ്പ്യൂട്ടർ കമ്പനിയുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുക ഉണ്ടായോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഈ പരിപാടി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) എത്ര കോടി രൂപ ഈ പദ്ധതിക്കായി ചെലവിടേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ജി) മൈക്രോസോഫ്റ്റുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് അനുകൂലമായി വിലയിരുത്തിയ ഘടകങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിക്കുമോ;

(എച്ച്) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഈ പദ്ധതിയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചവർ ആരെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഐ) ബിൽ ഗേറ്റ്സിന്റെ ഉടമസ്ഥതയിലെ മൈക്രോസോഫ്റ്റ് കമ്പനി ഒരു ബഹുരാഷ്ട്ര കമ്പനിയാണെന്ന കാര്യം ധാരണാപത്രം ഒപ്പുവയ്ക്കുമ്പോൾ ഗവൺമെന്റിനറിവുണ്ടായിരുന്നോ?

മുഖ്യമന്ത്രി (ഇ.കെ. നായനാർ) :

(എ) ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും ഐ.ടി. യുടെ വർദ്ധിച്ച വ്യാപനം, ഐ.ടി. അധിഷ്ഠിത വ്യവസായ അടിത്തറ അഭിവൃദ്ധിപ്പെടുത്തൽ ശക്തമായ ഒരു സംസ്ഥാനവിവരവിനിമയ അടിസ്ഥാന സൗകര്യം (സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ച്ചർ) രൂപീകരണം, ഐ.ടി.ക്കാവശ്യമായ മാനവശേഷി വികസനം എന്നീ മേഖലകളെ ഐ.ടി. നയം വിഭാവനം ചെയ്യുന്നു.

(ബി) സംസ്ഥാന ആസൂത്രണബോർഡിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്ഥാപനങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനുമായി 'കേരള ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്' എന്ന ഒരു പ്രോജക്ട് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്വയംഭരണ സ്ഥാപനമായ സി-ഡിറ്റിനെയാണ് ഈ പ്രോജക്ടിന്റെ നിർവഹണം ഏൽപ്പിച്ചിരിക്കുന്നത്. ഇതിനായി സി.ഡിറ്റിനെയാണ് ഈ പ്രോജക്ടിന്റെ നിർവ്വഹണം ഏൽപ്പിച്ചിരിക്കുന്നത്. ഇതിനായി സി-ഡിറ്റിലെ ശാസ്ത്ര

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക വിദഗ്ധരേയും മറ്റുള്ളവരെയും ഉൾപ്പെടുത്തി 'ഇൻഫർമേഷൻ കേരള മിഷൻ' എന്ന പേരിൽ ഒരു പ്രോജക്ട് ഗ്രൂപ്പ് സി-ഡിറ്റ് രൂപീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആസൂത്രണ ബോർഡ്, തദ്ദേശഭരണവകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) പ്രസ്തുത പരിപാടി മുഖ്യമായും സി-ഡിറ്റ് മുഖേനയായിരിക്കും നടപ്പിലാക്കുക.

(എഫ്) പദ്ധതി നടത്തിപ്പിനായി 20 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി-ഐ) (സി) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പൊതു വിതരണ സമ്പ്രദായം

27 (*27)ശ്രീ. ഇസഹാക്ക് കുരിക്കൾ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം. കെ. മുനീർ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിർത്തലാക്കാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണം സാദ്ധ്യമാക്കുന്നതിന് ഉപകരിക്കുന്ന പൊതു വിതരണ സമ്പ്രദായം നിലനിർത്താൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ കൂടുതൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിതരണസമ്പ്രദായത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പത്ര മാധ്യമങ്ങളിലൂടെയും മറ്റും ഇതു സംബന്ധമായ സൂചന ലഭിച്ചിരുന്നു. ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) പൊതു വിതരണ സമ്പ്രദായം നിലനിറുത്തുവാൻ സംസ്ഥാന ഗവൺമെന്റ് കഴിവതെല്ലാം ചെയ്തുവരുന്നുണ്ട്. കേന്ദ്ര ഭക്ഷ്യമന്ത്രിക്ക് നിവേദനം നൽകുകയും കേന്ദ്ര ഭക്ഷ്യ വകുപ്പു സെക്രട്ടറിയുമായി ഇതേപ്പറ്റി ചർച്ച നടത്തുകയും ചെയ്തു. സംസ്ഥാനത്തുനിന്നുള്ള എം.പി.മാരെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തൽക്കാലം ആലോചനയിൽ ഇല്ല.

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

29 (*29)ശ്രീമതി രാധാ രാഘവൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly